## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6681 — 09/11/2016-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. പയ്യന്നൂർ സെക്ഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ** | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കെ.എസ്.ഇ.ബി. പയ്യന്നൂർ സെക്ഷനു കീഴിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ട്; | (എ), (ബി) & (സി) | 45 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പയ്യന്നൂർ സെക്ഷനിൽ 24250 ഉപഭോക്താക്കളാണ് ഉള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25,000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താ-ക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ———പയ്യന്നൂർ, സെക്ഷൻ ഓഫീസ് വിഭജിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |
| (ബി) | പയ്യന്നൂർ സെക്ഷന്റെ വിസ്തൃതി എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പയ്യന്നൂർ സെക്ഷൻ വിഭജിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ പയ്യന്നൂർ സെക്ഷൻ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ